T·C – 038

014/DD/24

| Register Number | | | | | | | | | |
|---|---|---|---|---|---|---|---|---|---|

# DEPARTMENTAL EXAMINATIONS

## TRANSLATION TEST – SECOND PAPER – TRANSLATION OF NEWS PAPER REPORT IN MALAYALAM TO ENGLISH

(Without Books)

Maximum Time : 2.30 hours

Maximum Marks : 100

**Answer ALL questions.**

**(5 × 20 = 100)**

1. Translate into English :

ചെന്നൈ : മഴക്കാലത്തിനുശേഷമുള്ള കൊതുകുകളുടെ വർദ്ധനയെക്കുറിച്ചുള്ള നഗരവാസികളുടെ പരാതിയെ തുടർന്നു കൊതുകു നിവാരണത്തിനുള്ള അടിയന്തിര പ്രവർത്തനം വിശാല ചെന്നൈ കോർപ്പറേഷൻ ആരംഭിച്ചു. കൊതുകുകളുടെ വ്യാപ്തി പരിഹരിക്കാൻ, മലേറിയ നിയന്ത്രിക്കാൻ നിയമിക്കപ്പെട്ട പ്രവർത്തകരുമായി സഹകരിച്ചാണ് ഈ പരിപാടി. ഒരാഴ്ചയ്ക്കുള്ളിൽ കൊതുകുകളുടെ പ്രജനന ഉറവിടങ്ങൾ കണ്ടെത്തി അവയുടെ വളർച്ച തടയാനാണ് ഇതിലൂടെ ശ്രമിക്കുന്നത്. ഇതിനായി കോർപ്പറേഷൻ ജീവനക്കാർ വീടുകൾ സന്ദർശിക്കുകയും കൊതുകുകളുടെ പ്രജനന ഉറവിടം കണ്ടെത്തുകയും ചെയ്യും.

വേളാച്ചേരി നിവാസിയായ എസ്. കുമാരരാജ പറയുന്നത്, മഴയ്ക്ക് ശേഷം വെള്ളം കെട്ടിക്കിടക്കുന്നതിനാലാണ് കൊതുകുകൾ ഇത്രയും വ്യാപിച്ചതെന്നാണ്. വെള്ളം കെട്ടിക്കിടന്നാൽ ഒരു ആഴ്ചയ്ക്കുള്ളിൽ കൊതുകു പരത്തുന്ന പകർച്ചവ്യാധികൾ പടരാൻ സാധ്യതയുണ്ടെന്നാണ് സിറ്റി ആരോഗ്യവകുപ്പ് മുൻ ഓഫീസർ പി. കുകനാഥൻ പറയുന്നത്.

വിശാല ചെന്നൈ കോർപ്പറേഷൻ അധികാരികൾ കൊതുകകളുടെ പ്രജനന ഉറവിടങ്ങളെക്കുറിച്ച് അറിയിക്കാൻ നഗരനിവാസികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. 1913 എന്ന ഹെൽപ്പ് ലൈൻ നമ്പറിൽ വിളിച്ചു അറിയിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

2. Translate into English :

ഷിംല : അപ്രതീക്ഷിതമായ കനത്ത മഴയും വെള്ളപ്പൊക്കവും മൂലം ഞായറാഴ്ച ഹിമാചൽ പ്രദേശിൽ രണ്ടുപേർ മരിച്ചു. ഷിംല, മണ്ടി, കുല്ലു, സോലൻ, ഹാമിപ്പൂർ ജില്ലകളിലാണ് കനത്തനാശം ഉണ്ടായത്. വീടുകളും വാഹനങ്ങളും ഒഴുകിപ്പോവുകയും കനത്ത കൃഷിനാശം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

[Turn over

അടിയന്തിര രക്ഷാനടപടികൾ ചെയ്യുന്ന സംസ്ഥാന സെന്റർ പറയുന്നതിനനുസരിച്ച് ഹാമിപൂർ, ഷിംല എന്നീ ജില്ലകളിൽ നിന്നാണ് ഓരോ ആൾവീതം മരിച്ചത്. പതിനൊന്ന് വീടുകളും വാഹനങ്ങളും പശുതൊഴുത്തുകളും നശിപ്പിക്കപ്പെട്ടുവെന്ന് അവർ പറഞ്ഞു.

കഴിഞ്ഞ ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ ഏകദേശം 78 ലക്ഷം രൂപയുടെ നഷ്ടം സംസ്ഥാനത്തിനുണ്ടായിട്ടുണ്ടെന്നും അവർ പറഞ്ഞു. ലാഹുവലിൽ മൂന്ന് വീടുകൾ നശിച്ചു. ഹാമിപൂരിൽ അഞ്ചും സോലനിൽ രണ്ടും മണ്ടിയിൽ ഒന്നും വീടുകൾ നശിച്ചതായി അവർ പറഞ്ഞു.

3. Translate into English :

ചെന്നൈ : സമയമോ അവധികളോയില്ലാതെയാണ് വീട്ടമ്മമാർ പലതരത്തിലുള്ള വിദഗ്ദ്ധ ജോലികൾ ചെയ്യുന്നത്. സാമ്പത്തികകാര്യങ്ങളിലും മാനേജ്മെന്റ് തലത്തിലുമൊക്കെ അവരുടെ അറിവും കഴിവും പ്രയോജനപ്പെടുത്തിയാണ് ഒരു കുടുംബത്തെ മുന്നോട്ട് നയിക്കുന്നത്. ഒരു ഡോക്ടറെപ്പോലെയാണ് അവർ വീട്ടിലുള്ള അംഗങ്ങൾക്ക് വൈദ്യസഹായം നൽകുന്നത്. അതുകൊണ്ട് അവരുടെ സംഭാവനകളെ മൂല്യമില്ലാത്തതായി പരിഗണിക്കരുതെന്ന് മദ്രാസ് ഹൈക്കോടതി അഭിപ്രായപ്പെട്ടു.

ഭാര്യയ്ക്ക്, ഭർത്താവ് തന്റെ വരുമാനം മുടക്കി വാങ്ങുന്ന സ്വത്തിൽ തുല്യാവകാശം ഉണ്ടെന്നും ഭാര്യയുടെ പിന്തുണയോ പങ്കാളിത്തമോയില്ലാതെ ഭർത്താവിനു ഇവയൊന്നും നേടാനാവില്ലെന്നും ജസ്റ്റീസ് കൃഷ്ണൻ രാമസ്വാമി പറഞ്ഞു. സ്വത്ത് ഭർത്താവിന്റെയോ ഭാര്യയുടെയോ പേരിലാവാം വാങ്ങുന്നത്. പക്ഷേ, രണ്ടുപേരുടെയും തുല്യമായ പരിശ്രമത്തിലൂടെ വാങ്ങിയതായേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

4. Translate into English :

ന്യൂഡൽഹി : അറ്റകുറ്റപ്പണിക്കായി നിർത്തിയിട്ടിരിക്കുന്ന ട്രെയിനിൽ ഇടിച്ചു ചരക്കുതീവണ്ടിയുടെ എട്ട് ബോഗികൾ പാളംതെറ്റി. പശ്ചിമബംഗാളിലെ ബങ്കുര ജില്ലയിലെ ഒണ്ടഗ്രാം റെയിൽവേ സ്റ്റേഷനിൽ ഞായറാഴ്ചയായിരുന്നു അപകടം. പുലർച്ചെ ഏകദേശം നാലുണിയോടെയാണ് ചുവപ്പ് സിഗ്നലിനെ മറികടന്ന് പോയ ട്രെയിൻ സ്റ്റേഷനറി ട്രെയിനിൽ ഇടിക്കുന്നത്. ഇതാണ് ബോഗികൾ പാളംതെറ്റാൻ ഇടയാക്കിയത്. അപകടത്തെ തുടർന്ന് നാലുമണിക്കൂറോളം റയിൽവേലൈൻ അടച്ചിട്ടു. 7.45 ഓടെ ഗതാഗതം പുനഃസ്ഥാപിച്ചു.

ഈ സംഭവത്തിൽ ഒരു ലോക്കോ പൈലറ്റ്, രണ്ടു അസിസ്റ്റന്റ് ലോക്കോ പൈലറ്റ്, ഒരു പ്രധാന ലോക്കോ ഇൻസ്പെക്ടർ എന്നിവരെ സസ്പെന്റ് ചെയ്തതായി ദക്ഷിണ-കിഴക്കൻ റെയിൽവേ അറിയിച്ചു. ചുവപ്പ് സിഗ്നൽ മറികടന്ന് പോകുന്നത് ഗൗരവമായ കുറ്റമാണെന്നും അതിനാൽ അതിലുൾപ്പെട്ടവർ അതിന് വില നൽകേണ്ടിവരുമെന്നും റെയിൽവേ അറിയിച്ചു.

5. Translate into English :

ചെന്നൈ : പക്ഷിസങ്കേതങ്ങളുടെ സുരക്ഷയും അവയുടെ കൂടുകളുടെ പരിരക്ഷയും പരിസ്ഥിതി സൗഹൃദവിനോദവ്യവസായവും വികസിപ്പിക്കുന്നതിന്റെ ഭാഗമായി തമിഴ്നാട് സർക്കാർ സംസ്ഥാന പക്ഷി സമിതി രൂപീകരിച്ചു.

പരിസ്ഥിതി-കാലാവസ്ഥാവ്യതിയാന-വനംവകുപ്പിലെ അഡീഷനൽ ചീഫ് സെക്രട്ടറി സുപ്രിയ സാഹു സമിതിയുടെ അധ്യക്ഷ ആയിരിക്കും. വിവിധ വകുപ്പുകളിലെ പ്രതിനിധികൾ സമിതിയിൽ അംഗങ്ങളായിരിക്കും. റവന്യൂ, ദുരന്തനിവാരണം, ഗ്രാമവികസനം, പഞ്ചായത്ത്, പൊതുമരാമത്ത്, വിനോദവികസന കോർപ്പറേഷൻ തുടങ്ങിയ വകുപ്പുകളിലെ പ്രതിനിധികൾ ആയിരിക്കും അംഗങ്ങൾ.

സമഗ്രമായ മാനേജ്മെന്റ് പദ്ധതി, സമിതി ഉടനെ ആവിഷ്ക്കരിക്കും. പക്ഷി സങ്കേതങ്ങളുടെ മാപ്പ് തയ്യാറാക്കുക, കുടിയേറ്റക്കാരായ പക്ഷികൾക്ക് അനിവാര്യമായ സ്ഥലങ്ങൾ രൂപീകരിക്കുക, പരിസ്ഥിതി വിനോദവ്യവസായത്തിന്റെ ഭാഗമായുള്ള സന്ദർശകർക്ക് കൂടുതൽ സൗകര്യം ഉണ്ടാക്കുക എന്നിവയൊക്കെയാണ് സമിതിയുടെ ഉത്തരവാദിത്തമെന്ന് സമീപകാലത്തിറക്കിയ സർക്കാർ ഉത്തരവിൽ പറയുന്നു.